# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്






## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

## ജി.എം.എൽ.പി സ്കൂൾ വാഴയൂർ

തിരുത്തിയാട് ,വാഴയൂർ (പി.ഒ),-673633

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടി വിഭാവനം ചെയ്യുന്ന എല്ലാ ലക്ഷ്യങ്ങളും സ്കൂളിലെ എല്ലാ കുട്ടികൾക്കും നേടാൻ തക്കവിധത്തിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപെടുത്തിക്കൊണ്ടും പൊതു വിദ്യാലയം എന്ന നിലയിൽ മുൻപന്തിയിൽ നിർത്തുന്നതിനുമുള്ള അക്കാദമിക ഇടപെടലുകളുടെ ആസൂത്രണങ്ങളും ഉൾപ്പെടുത്തിയുള്ള സമഗ്രമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ആണിത് .ആധുനിക വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക -മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ രൂപകൽപന ചെയ്തിട്ടുള്ളത് .

1 മുതൽ 4 വരെ മാറിയ പാഠപുസ്തങ്ങൾക്ക് അനുസൃതമായ മാറ്റങ്ങൾ ഈ മാസ്റ്റർ പ്ലാനിലും ഉൾപ്പെടുത്തിയുണ്ട് .2025-26 അധ്യയന വർഷത്തെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ വിദ്യാർത്ഥികളുടെ എല്ലാ ശൈക്ഷണിക പ്രവർത്തനങ്ങളെയും ഉത്സാഹപൂർവ്വം ഏറ്റെടുത്ത് നടത്തി വിജയിപ്പിക്കാൻ ഉതകുന്ന സഹകരണ കൂട്ടായ്മയായ അധ്യാപകരുടെയും പി.ടി.എ ,എം.പി.ടി.എ ,എസ്.എം.സി ,രക്ഷിതാക്കൾ,പൊതുസമൂഹം തുടങ്ങിയവരുടെയും സഹകരണത്തോടെ ഈ മാസ്റ്റർപ്ലാനിലെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ പൂർത്തീകരിക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ....

ടീം ജി.എം.എൽ.പി.എസ് വാഴയൂർ -തിരുത്തിയാട് .

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഉപജില്ലയിലെ വാഴയൂർ പഞ്ചായത്തിൽ തിരുത്തിയാട് എന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു പൊതുവിദ്യാലയമാണ് ജി. എം. എൽ. പി. സ്കൂൾ വാഴയൂർ.1930 കൊടക്കാട്ട് അലി മൊല്ല എന്നവർ ഓത്തുപള്ളിയായി ആരംഭിച്ച് 1936 മദ്രാസ് സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന മലബാർ ഡിസ്ട്രിക്ട് ബോർഡ് സ്ഥലവും കെട്ടിടവും ആവശ്യപ്പെട്ടപ്പോൾ ആ ദൗത്യം ഏറ്റെടുത്ത് ബഹുമാന്യനായ ശ്രീ.കുറുവൻവീട്ടിൽ അഹമ്മദ് സാഹിബ് അദ്ദേഹത്തിൻെറ മകൻ കെ.വി മുഹമ്മദ് സാഹിബ് എന്നിവർ സ്വന്തം സ്ഥലമായ ചങ്ങരം പൊറ്റമ്മൽ പറമ്പിൽ ഒരു ബിൽഡിംഗ് സ്ഥാപിച്ച് അംഗീകാരം നേടിയെടുത്തതാണ് ഇന്ന് ജി.എം.എൽ.പി സ്കൂൾ വാഴയൂർ എന്നറിയപ്പെടുന്ന സ്ഥാപനം.

വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ വിദ്യാലയം ഇവർതന്നെ പതിച്ചു നൽകിയ സ്ഥലത്തേക്ക് എം.പി മാരായ കൊരമ്പയിൽ അഹമ്മദ് ഹാജി,ഇ.അഹമ്മദ് എന്നിവരുടെ ഫണ്ടുപയോഗിച്ച് ഇന്ന് കാണുന്ന രണ്ടു നില കെട്ടിടത്തിലേക്ക് 2006 ൽ മാറ്റി സ്ഥാപിച്ചു.

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ പ്രയാസം നേരിടുന്നുണ്ടെങ്കിലും നാട്ടുകാരുടെ നിരന്തരമായ പരിശ്രമങ്ങൾ കൊണ്ട് അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന ഈ സ്ഥാപനത്തിൽ ഇന്ന് പ്രീ-പ്രൈമറി മുതൽ നാലാം തരം വരെ ഏകദേശം 120 വിദ്യാർത്ഥികൾ പഠിക്കുന്നു.കളിസ്ഥലം ,ശുദ്ധജലം ,ജൈവവൈവിധ്യപാർക്ക് ,ക്ലാസ്റൂമുകൾ ,പാചകപ്പുര ,ഭക്ഷണഹാൾ എന്നിവ ഒരു സ്വപ്നമായി ഇന്നും നിലനിൽക്കുന്നു .

പുതിയ കാലത്തെ മാറ്റം ഉൾക്കൊണ്ട് മുന്നേറാൻ വളരെ ബൃഹത്തായ കാര്യങ്ങളാണ് നാം വിഭാവനം ചെയ്യുന്നത് .അക്കാദമിക തലത്തിൽ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി വായന പരിപോഷിപ്പിക്കാനും ക്ലാസ്സ് ലൈബ്രറികൾ ശക്തിപ്പെടുത്താനും ഇംഗ്ലീഷ് പഠനത്തിനായി പ്രത്യേക ശില്പശാലകൾ സംഘടിപ്പിക്കേണ്ടതുണ്ട് .ഐ .സി .ടി യുടെ ഉപയോഗം ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതിനായി നൂതന സാധ്യതകൾ പരിചയപ്പെടുത്തുന്നതിന് ഐ .ടി രംഗത്തെ വിദഗ്ധരുടെ സഹായം തേടുകയും അദ്ധ്യാപകർക്കായുള്ള പരിശീലനങ്ങളിൽ പങ്കെടുപ്പിക്കുകയും വേണം.രക്ഷിതാക്കൾക്ക് നിരന്തരവും സമഗ്രവുമായ പരിശീലനക്കളരികൾ നടത്തുകയും പുതിയ കാലത്തെ പാരന്റിങ് പരിചയപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട് .കുട്ടിയും കാലവും മാറുന്ന കാലത്ത് മനുഷ്യനെ മനുഷ്യരായി കാണുന്ന പുതുതലമുറയെ വാർത്തെടുക്കാൻ കൂട്ടായ ശ്രമങ്ങൾക്ക് ഏവരുടെയും പിന്തുണയും സഹായവും അഭ്യർത്ഥിക്കുന്നു .

# സ്കൂൾ ഫാക്കൽറ്റി




HEAD MASTER
VINOD.P



SENIOR ASSISTANT
SANDHYA.M




SULFATH.KC



SREEJESH.V



AYISHA NUFLA.MP



FAIDABI.K



RABEEBATHU SHARAFA.A



LEENA.K



SUBRAHMANIAN.EC



FASEELA.MK



SHAHIDA

## PTA MEMBERS



PTA PRESIDENT
SAJID.PA



MPTA PRESIDENT
FEBINA SHIHAB



SMC CHAIRMAN
MOOSA FOULAD





PTA VICE PRESIDENTS
ROOSFIYA JAFAR
ABDUL GAFOOR .KM



MPTA VICE PRESIDENT
SILJI

# പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എം.എൽ.പി.എസ് വാഴയൂർ |
| വിലാസം | :തിരുത്തിയാട്,വാഴയൂർ (പി.ഒ.),673633 |
| സ്ഥാപിതമായ വർഷം | : 01 - 06 - 1930 |
| സ്കൂൾ കോഡ് | : 18360 |
| യൂഡൈസ് കോഡ് | : 32050200206 |
| ഹെഡ്മാസ്റ്റർ | : വിനോദ്.പി |
| സീനിയർ അസിസ്റ്റൻറ് | : സന്ധ്യ.എം |
| എസ്.ആർ.ജി കൺവീനർ | : ആയിശ നുഫ്ല.എം.പി |
| സ്റ്റാഫ് സെക്രട്ടറി | : സന്ധ്യ.എം |
| പി.ടി.എ പ്രസിഡന്റ് | : സാജിദ്.പി.എ |
| എം.പി.ടി.എ പ്രസിഡന്റ് | : ഫെബിന ശിഹാബ് |
| എസ്.എം.സി ചെയർമാൻ | : മൂസ ഫൗലദ് |
| ലോകസഭ മണ്ഡലം | : മലപ്പുറം |
| നിയമസഭ മണ്ഡലം | : കൊണ്ടോട്ടി |
| ബ്ലോക്ക് പഞ്ചായത്ത് | : കൊണ്ടോട്ടി |
| താലൂക്ക് | : കൊണ്ടോട്ടി |
| പഞ്ചായത്ത് | : വാഴയൂർ |
| വാർഡ് | : 5 |
| ജില്ല | : മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം |
| ഉപജില്ല | : കൊണ്ടോട്ടി |
| ബി.ആർ.സി | : കൊണ്ടോട്ടി |
| ഇ.മെയിൽ | : vazhayoorgmlp@gmail.com |
| അദ്ധ്യാപകരുടെ എണ്ണം | :8 |
| കുട്ടികളുടെ എണ്ണം | :123 |

# പൊതുലക്ഷ്യങ്ങൾ

1. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന എല്ലാ പഠനലക്ഷ്യങ്ങളും നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.

2. സ്കൂളിലെ മുഴുവൻ കുട്ടികളെയും പരിഗണിച്ചുകൊണ്ട് ശിശു സൗഹൃദമായ പഠനാന്തരീക്ഷം നൽകുക.

3. ഓരോ ക്ലാസിലും ഓരോ ടേമിലും കുട്ടി നേടേണ്ട ശേഷികൾ കൈവരിക്കും വിധം അവരെ പ്രാപ്തരാക്കുക.

4. വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക.

5.കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ ഓരോ കുട്ടിക്കും അവസരം നൽകുക.

6. ക്ലാസ്റൂം പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.

7. എല്ലാ ക്ലാസിലും വായനമൂല ,ഗണിതമൂല ,പരിസരപഠന മൂല എന്നിവ സജ്ജീകരിക്കുക.

8. ദിനാചരണങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ദിനാചരണ പ്രവർത്തനങ്ങൾ നടത്തുക.

9.പാഠഭാഗവുമായി ബന്ധപ്പെടുത്തി ഐ.ടി സാധ്യതകൾ കൂടുതല് പ്രയോജനപ്പെടുത്തുക.

19. ക്ലാസ് റൂമുകളെല്ലാം ഹൈടെക് ആക്കിമാറ്റുക.

11. സ്വയം പര്യാപ്ത ക്ലാസ്സ് റൂമുകൾ സൃഷ്ടിക്കുക.

12. എല്ലാ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

13. ക്ലാസ് ലൈബ്രറി വിപുലീകരിക്കുക.

14. ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ഓരോ കുട്ടിയെയും ബോധവാന്മാരാക്കുകയും അവ ഉപയോഗിക്കുന്നതിൽ നിന്ന് കുട്ടികളെയും വീട്ടിലുള്ളവരെയും തടയുക.

15. മാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് വിദ്യാലയം,പരിസരം എന്നിവ മികച്ച രീതിയിൽ പരിപാലിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

16. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പരമാവധി ഫീൽഡ് ട്രിപ്പുകൾക്ക് അവസരം നൽകുക .

17. ഭാഷാപരിപോഷണപരിപാടികൾ നടപ്പിലാക്കുക.

# നേട്ടങ്ങൾ/ മികവുകൾ

1. 2024-25 അധ്യയന വർഷം ജി .എൽ .പി .എസ് വാഴയൂർ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

2. പഞ്ചായത്ത് കലാമേളയിൽ  ഓവറോൾ ഒന്നാം സ്ഥാനം .

3. അറബി കലാമേളയിൽ ഓവറോൾ രണ്ടാം സ്ഥാനം.

4. സബ് ജില്ല പ്രവൃത്തി പരിചയ മേളയിൽ ഓവറോൾ മൂന്നാം സ്ഥാനം.

5. അലിഫ് അറബിക് ടാലന്റ് പരീക്ഷയിൽ മികച്ച വിജയം.

6. എൽ.എസ്.എസ് പരീക്ഷയിൽ 7 വിജയികൾ.

7.ഹരിതകേരളം മിഷന്റെ പെരുമാറ്റചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള മാതൃക പ്രവർത്തനങ്ങൾക്ക് എ -ഗ്രേഡോടെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

8.പൊതു വേദികളിലെ ക്വിസ് മത്സരങ്ങളിൽ ഒന്ന്,രണ്ട് സ്ഥാനങ്ങളോടെ മികവാർന്ന വിജയം.

9. ഉപജില്ല-പഞ്ചായത്ത് കലാ-കായികമേളയിൽ വിജയം കൊയ്ത വിദ്യാർത്ഥികളുടെ സമ്മാനദാനം വിക്ടറി ഫെസ്റ്റ് എന്ന പേരിൽ വിപുലമായി നടത്തി.

10. കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങളിലൂടെ ഒരു പരിധി വരെ പരിഹാരം കാണാൻ സാധിച്ചു.

11. കരുത്തുറ്റ  അധ്യാപക കൂട്ടായ്മയും മികച്ച പി.ടി.എ, എം .പി.ടി.എ ,എസ്.എം.സി നേതൃത്വവും.

12. വിവിധതരം ശില്പശാലകളും കളികളും ഉൾപ്പെടുത്തിക്കൊണ്ട് സഹവാസക്യാമ്പ് നടത്തി.

13. ഈ അധ്യയന വർഷത്തിൽ നേടിയ പഠനനേട്ടങ്ങളും ശേഷികളും പഠന സാമഗ്രികളും പ്രദർശിപ്പിച്ച് പഠനോത്സവങ്ങൾ മികവാർന്ന രീതിയിൽ നടത്തി.

# പരിമിതികൾ

1. ക്ലാസ്സ് മുറികളുടെ അപര്യാപ്തത

2. കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച ഐ .സി .ടി ഉപകരണങ്ങളുടെ കുറവ്

3. ജൈവവൈവിധ്യ ഉദ്യാനം,പച്ചക്കറിത്തോട്ടം എന്നിവയ്ക്കുള്ള സ്ഥലപരിമിതി.

4. പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട പരിശീലനം നൽകാൻ സ്ഥിരം ട്രെയിനർ ലഭ്യമാകുന്നില്ല.

5. ഫണ്ടുകളുടെ കുറവ്.

6. ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്താൻ തക്കവിധമുള്ള ക്ലാസ് റൂമുകൾ കുറവ്.

7. സ്പോർട്സ് ഉപകരണങ്ങളുടെ കുറവ്

8. കളിസ്ഥലത്തിന്റെ അപര്യാപ്തത.

9. സ്കൂൾ ലൈബ്രറിക്ക് പ്രത്യേക മുറിയില്ല.

10. വിദ്യാലയത്തിനൊരു പുതിയ കെട്ടിടം ഇന്നും സ്വപ്നമായി നിലകൊള്ളുന്നു.

# വിഷയബന്ധിത ലക്ഷ്യങ്ങൾ

## മലയാളം

1. വിദ്യാലയത്തിലെ എല്ലാ കുട്ടികളേയും അതാത് ക്ലാസിലും ടേമിലും നേടേണ്ട ശേഷികൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
2. വായനാശീലം പ്രോത്സാഹിപ്പിക്കുക.
3. കുട്ടികളുടെ സർഗാത്മകശേഷി വളർത്തുക.
4. വ്യവഹാര രൂപങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാൻ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക.
5. ഓരോ കുട്ടിയുടെയും സർഗാത്മകത തിരിച്ചറിഞ്ഞു പ്രോത്സാഹിപ്പിക്കുക.
6. സ്വന്തമായി എഴുതുന്നതിനും വായിക്കുന്നതിനുള്ള കഴിവ് നേടുക.
7.അവതരണ മികവ്,അഭിനയമികവ് എന്നിവ കൈവരിക്കാൻ പ്രാപ്തരാക്കുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ അക്ഷരത്തെറ്റില്ലാതെ എഴുതാൻ അവസരം ഒരുക്കുക.
2. ആശയവിനിമയശേഷി വർദ്ധിപ്പിക്കുക.
3. ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ക്ലബ് എന്നിവയിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുക.
4. ക്ലാസ് റൂം പ്രവർത്തനങ്ങൾ എല്ലാവർക്കും പങ്കെടുക്കാൻ കഴിയുന്ന രീതിയിൽ ക്രമീകരിക്കുക
5. സ്വതന്ത്ര രചനകൾ പോത്സാഹിപ്പിക്കുക.
6.റോൾപ്ലേ,ഗെയിമുകൾ,ഇംഗ്ലീഷ് ലാബ് പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഭാഷ പരിപോഷിപ്പിക്കാനുള്ള അവസരങ്ങൾ നൽകുക.
7. ഹലോ ഇംഗ്ലീഷ് പോലുള്ള പ്രവർത്തനങ്ങളിലൂടെ പിന്നാക്കക്കാരെ മുന്നിലേക്ക് എത്തിക്കുക.

## ഗണിതം

1. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അടിസ്ഥാനശേഷികൾ ഉറപ്പാക്കുക.
2. നിത്യ ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഓരോ കുട്ടിയെയും പ്രാപ്തനാക്കുക.
3. ഗണിതക്രിയകൾ സ്വന്തമായി ചെയ്യാൻ അവസരം ഒരുക്കുക.
4. ഓരോ ടേമിലും കുട്ടി നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.
5. ജിയോജിബ്രയിലൂടെ ഗണിത പഠനം ലളിതമാക്കുക.

## സാമൂഹികാവബോധം

1. ദിനാചരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക
2. സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്ന് ഓരോ കുട്ടിയെയും ബോധവാനാക്കുക.
3. അച്ചടക്കം,ശുചിത്വ ശീലങ്ങൾ, എന്നിവ ഫലപ്രദമായി പ്രയോഗത്തിൽ കൊണ്ടുവരാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

രിസര പഠനം

## പരിസരപഠനം

1. പരിസ്ഥിതിയെ അറിയുകയും പരിസര സംരക്ഷണ മനോഭാവം വളർത്തിയെടുക്കുകയും ചെയ്യുക.
2. ശാസ്ത്രാഭിരുചി വളർത്തുക.
3. ശാസ്ത്രമേളകളിലൂടെ ശാസ്ത്രാവബോധം വളർത്തുക.
4. പരീക്ഷണ -നിരീക്ഷണങ്ങളിൽ സ്വന്തമായി ഏർപ്പെടാൻ കുട്ടികൾക്ക് അവസരം ഒരുക്കുക.
5. പരിസരവുമായി നേരിട്ട് ഇടപഴകി പഠനം നടത്തുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഐ .സി .ടി സാധ്യതകൾ തിരിച്ചറിഞ്ഞ് ഫലപ്രദമായി ക്ലാസ്സ് റൂം പഠനത്തിൽ ഉപയോഗപ്പെടുത്തുക.

2. ഓരോകുട്ടിക്കും സ്വതന്ത്രമായും വ്യക്തിപരമായും കമ്പ്യൂട്ടറുകൾ ഉപയോഗപ്പെടുത്താൻ അവസരം ഒരുക്കുക.

3. ഐ.ടി സാധ്യതകൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തുക.

## കലാ വിദ്യാഭ്യാസം

1. ഓരോ കുട്ടിയുടെയും അഭിരുചി തിരിച്ചറിഞ്ഞ് കഴിവുകൾ വളർത്തിയെടുക്കുക

2. ശില്പശാലകൾ സംഘടിപ്പിക്കുന്നതിലൂടെ കലാ വിദ്യാദ്യാസം മെച്ചപ്പെടുത്തുക

3. എല്ലാ കുട്ടികൾക്കും അടിസ്ഥാന കലാ വിദ്യാഭ്യാസം നൽകുക.

## പ്രവൃത്തി പരിചയം

1. പാഴ് വസ്ത്ക്കൾ പ്രയോജനപ്പെടുത്തി അലങ്കാര വസ്തുക്കൾ നിർമ്മിക്കാൻ പരിശീലനം നൽകുക

2. ഓരോ വിഷയവുമായി ബന്ധപ്പെടുത്തി പ്രവൃത്തിപരിചയ സാധ്യതകൾ വർദ്ധിപ്പിക്കുക.

3. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചുകൊണ്ട് പേപ്പർ ബാഗുകൾ ഉപയോഗിക്കാൻ ഓരോ കുട്ടിക്കും പരിശീലനം നൽകുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മികച്ച ശീലങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക.

2. ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

3. എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

4.നിത്യവും അരമണിക്കൂർ വ്യായാമം,സൂംബാ പരിശീലനം നൽകുക.

# 2025- 26 അധ്യയന വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്കൂൾ തല പ്രവർത്തനങ്ങൾ

1. എല്ലാവരും വായിക്കും എന്തായാലും വായിക്കും-വായന പരിപോഷണ പരിപാടി
2. എന്റെ ഒരു പുസ്തകം -സ്കൂൾ ലൈബ്രറിയിലേക്ക്
3. എൽ .എസ്.എസ് പരിശീലനം
4. പിന്നാക്കകാർക്ക് ഒരു കൈത്താങ്ങ്
5. കുട്ടുകാർക്കൊരു കൂട്ടാൻ പദ്ധതി
6. കലാ-കായിക-പവൃത്തി പരിചയ ശിൽപശാലകൾ
7. എഴുത്തുകൂട്ടം
8. ഒരു ദിനം ഒരു അറിവ്
9. ലൈബ്രറി ശാക്തീകരണം
10. ഉയരെ ക്വിസ് മത്സരങ്ങൾ
11. സ്വയം പര്യാപ്ത ക്ലാസ്സ് റൂം
12. സ്കൂൾ പാർലമെന്റ്
13. സ്കൂൾ റേഡിയോ
14. നോട്ടീസ് ബോർഡ്
15. ഒറിഗാമി
16. ഇംഗ്ലീഷ് അസംബ്ലി
17. ഡിജിറ്റൽ ക്ലാസ്സ് മുറി
18. ചിത്രരചന ,കഥ,കവിത ശിൽപശാലകൾ
19. പരീക്ഷണ ശിൽപശാലകൾ
20. കായികമേള
21. ശാസ്ത്ര-ഗണിത ശാസ്ത്ര മേള
22. സാമൂഹ്യ ശാസ്ത്ര-പവൃത്തി പരിചയ മേള
23. അറബിക് അസംബ്ലി

24. ഓപ്പൺ ഓഡിറ്റോറിയം

25. സർഗവേള

26. ബാലസഭ

27. പ്രഭാത ഭക്ഷണ പരിപാടി

28. **English Enhancement Programme**

29. വൃത്തി നമ്മുടെ ശക്തി-കുട്ടികൾക്കുള്ള നിയമാവലി

30. പ്ലാസ്റ്റിക് വിമുക്തം -എന്റെ വിദ്യാലയം

31. സുപ്രഭാതം-ദിവസ വിശേഷം

32. **Two Words A Day -Vocabulary Nurturing Programme**

33. **Weekly News Channel**

34. സഹവാസ ക്യാമ്പുകൾ

35. പഠനോത്സവങ്ങൾ

36. സ്കൂൾ വാർഷികാഘോഷം

37. പഠനയാത്രകൾ

38. സ്കൂൾ മാഗസിൻ

39. **STEP UP FUN**

40. വൃത്തിക്കൊരു സമ്മാനം

# കുട്ടികൾക്കുള്ള നിയമാവലി

1. തിങ്കൾ മുതൽ വ്യാഴം വരെ രാവിലെ 10 :20 മുതൽ വൈകുന്നേരം 4:20 വരെയാണ് പ്രവൃത്തി സമയം (വെള്ളി 10 : 00 മുതൽ 4 മണി വരെ)

2. സമയനിഷ്ഠ കൃത്യമായി പാലിക്കേണ്ടതാണ്.

3. പൂർണ്ണമായ യൂണിഫോം, ബാഡ്ജ്, ബെൽറ്റ് എന്നിവ ബുധൻ ഒഴികെയുള്ള ദിവസങ്ങളിൽ ധരിക്കേണ്ടതാണ്.

4. എല്ലാ ദിവസവും വ്യക്തി ശുചിത്വം പാലിച്ചുകൊണ്ട് സ്കൂളിലെത്തേണ്ടതാണ്.

5. ക്ലാസ് റൂമിലും പുറത്തുമുള്ള ഒരു സാമഗ്രിയും നശിപ്പിക്കുവാനോ, വൃത്തികേടാക്കാനോ പാടുള്ളതല്ല.

6. കുട്ടികൾ അധ്യാപകരെയും, രക്ഷിതാക്കളെയും ആദരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണ്.

7. സഹപാഠികളോട് സൗഹാർദ്ദത്തോടെയും മാന്യമായും പെരുമാറേണ്ടതാണ്.

8. സഭ്യമായതും മാന്യതയില്ലാത്തതുമായ സംസാരശൈലികളും പെരുമാറ്റവും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

9. ക്ലാസ് റൂം പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുകയും, ആവശ്യമായ കാര്യങ്ങൾ കൃത്യമായി നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

10. നോട്ടുപുസ്തകങ്ങൾ വൃത്തിയായി എഴുതി സൂക്ഷിക്കുകയും ആവശ്യാനുസരണം പരിശോധനക്ക് നൽകുകയും ചെയ്യേണ്ടതാണ്.

11. ഉച്ചഭക്ഷണം എല്ലാ കുട്ടികളും സ്കൂളിൽ നിന്നു തന്നെ വാങ്ങികഴിക്കേണ്ടതാണ്.

12. എല്ലാവരും ഭക്ഷണ മര്യാദകൾ പാലിക്കേണ്ടതും, ഭക്ഷണം പാഴാക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.

**ഈ വിദ്യാലയം നമ്മുടേതാണ്. ഇത് സംരക്ഷിക്കേണ്ടതും യശ്ശസ് ഉയർത്തേണ്ടതും നാം തന്നെയാണ്.**

| | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | നിർവഹണം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | "എല്ലാവരും വായിക്കും എന്തായാലും വായിക്കും" -വായന പരിപോഷണ പരിപാടി | കുട്ടികളിലും രക്ഷിതാക്കളിലും അധ്യാപകരിലും വായന പരിപോഷിപ്പിക്കുക. | വായനാക്കാർഡുകൾ ലഭ്യമാക്കൽ,സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ | 2025 ജൂൺ - 2026 മാർച്ച് | വിദ്യാരംഗം കലാസാഹിത്യ വേദി,മലയാളം ക്ലബ്ബ് | എസ്.ആർ.ജി, പി.ടി.എ |
| 2 | എന്റെ ഒരു പുസ്തകം - സ്കൂൾ ലൈബ്രറിയിലേക്ക് | ഒരു അദ്ധ്യയന വർഷത്തിൽ പിറന്നാൾ ദിനത്തിലോ മറ്റ് പ്രധാന ദിനങ്ങളിലും ഓരോ കുട്ടിയും ഒരു പുസ്തകം സ്കൂൾ ലൈബ്രറിയിലേക്ക് കൈമാറുന്നു | സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം കൈമാറുന്നു | 2025 ജൂൺ - 2026 മാർച്ച് | ക്ലാസ്സ് അദ്ധ്യാപകർ, ലൈബ്രറി കൺവീനർ | എസ്.ആർ.ജി, ഹെഡ്മാസ്റ്റർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | എൽ .എസ്.എസ് പരിശീലനം | മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ കുട്ടികളെ സജ്ജരാക്കുക | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും എൽ .എസ്.എസ് പരിശീലനത്തിൽ പങ്കാളികളാകുന്നു | 2025 ജൂലായ്-2026 ഫെബ്രുവരി | അദ്ധ്യാപകർ | എസ്.ആർ.ജി, പി.ടി.എ |
| 4 | പിന്നാക്കകാർക്ക് ഒരു കൈത്താങ്ങ് | ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ശേഷി നേടിയെന്ന് ഉറപ്പ് വരുത്തുക. | ക്ലാസ്സ് അദ്ധ്യാപകർ ഇത്തരം കുട്ടികളെ കണ്ടെത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | 2025 ജൂൺ - 2026 മാർച്ച് | അദ്ധ്യാപകർ | എസ്.ആർ.ജി, പി.ടി.എ |
| 5 | കൂട്ടുകാർക്കൊരു കൂട്ടാൻ പദ്ധതി | ഉച്ചഭക്ഷണത്തിലേക്കായി കുട്ടികളും അദ്ധ്യാപകരും കഴിയുന്ന ഭക്ഷ്യ വിഭവങ്ങൾ സ്കൂളിലേക്ക് കൊണ്ടുവരുന്നു. | കുട്ടികൾ, അദ്ധ്യാപകർ എന്നിവർ പങ്കാളികളാകുന്നു. | 2025 ജൂലായ്- 2026 മാർച്ച് | ഉച്ചഭക്ഷണ ചാർജുള്ള അദ്ധ്യാപകർ | ഉച്ചഭക്ഷണ സമിതി |

| | | | | | | |
|---|---|---|---|---|---|---|
| 6 | കലാ-കായിക-പവൃത്തി പരിചയ ശിൽപശാലകൾ | കലാ-കായിക -പവൃത്തി പരിചയ നിർമാണ മേഖലകളിൽ കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുക. | വിവിധതരം ശിൽപശാലകൾ സംഘടിപ്പിക്കൽ | 2025 ജൂൺ - 2026 മാർച്ച് | എസ്.ആർ.ജി | എസ്.ആർ.ജി |
| 7 | എഴുത്തുകൂട്ടം | കുട്ടികളുടെ രചനാപരമായ കഴിവുകൾ മെച്ചപ്പെടുത്തുക,മികച്ച എഴുത്തുകാരെ കണ്ടെത്തുക | ക്ലാസ്സ് അധ്യാപകർ ക്ലാസ്സ് റൂം പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നിരന്തരം രചന പ്രവർത്തനങ്ങൾ നൽകുകയും അതുവഴി കുട്ടികളുടെ എഴുത്തിനുള്ള ശേഷി വർദ്ധിക്കുന്നു. | 2025 ജൂൺ - 2026 മാർച്ച് | ക്ലാസ്സ് അദ്ധ്യാപകർ | എസ്.ആർ.ജി |
| 8 | ഒരു ദിനം ഒരു അറിവ് | പൊതുവിജ്ഞാനത്തിൽ മികവുറ്റവരാക്കൽ | ഓരോ ദിവസവും ഓരോ പൊതുവിജ്ഞാന ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. | 2025 ജൂൺ - 2026 മാർച്ച് | ക്ലാസ്സ് അദ്ധ്യാപകർ,സയൻസ് ക്ലബ്ബ് | എസ്.ആർ.ജി |

| | | | | | | |
|---|---|---|---|---|---|---|
| 9 | ലൈബ്രറി ശാക്തീകരണം | വായന പ്രോത്സാഹിപ്പിക്കുക | അമ്മ വായന ,കുട്ടി വായന,ആസ്വാദനക്കുറിപ്പ് മത്സരം,വായന | 2025 ജൂൺ മുതൽ | ലൈബ്രറി കൺവീനർ | എസ്.ആർ.ജി കൺവീനർ |
| 10 | ഉയരെ ക്വിസ് മത്സരങ്ങൾ | പൊതുവിജ്ഞാനത്തിലും പൊതുവേദിയിലെ മത്സരങ്ങളിലും മികവുറ്റവരാക്കുക | മാസംതോറും 100 ചോദ്യങ്ങൾ വീതമുള്ള ചോദ്യശേഖരം ബുക്ക്‌ലെറ്റ് രൂപത്തിൽ നൽകുന്നു.മാസത്തിൽ ക്വിസ് മത്സരം നടത്തുന്നു.വർഷാവസാനം മെഗാ മത്സരം നടത്തുന്നു | 2025 ജൂൺ മുതൽ | എസ്.ആർ.ജി | എസ്.ആർ.ജി |

| | | | | | | |
|---|---|---|---|---|---|---|
| 11 | സ്വയം പര്യാപ്ത ക്ലാസ്സ് റൂം | ക്ലാസ്സ് മുറിയിലേക്ക് ആവശ്യമായ സാമഗ്രികൾ സജ്ജമാക്കൽ,ഗ്ലോബ്,ഭൂപടം, സ്പീക്കർ,പ്രൊജക്ടർ,ക്ലോക്ക്,സ്ക്രീൻ | പഠനപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുക, സന്തോഷകരമായ ക്ലാസ്സ് അന്തരീക്ഷം സാധ്യമാക്കുക. | 2025 ജൂൺ മുതൽ | എസ്.ആർ.ജി | ഹെഡ്മാസ്റ്റർ |

| | | | | | | |
|---|---|---|---|---|---|---|
| 13 | സ്കൂൾ റേഡിയോ | എല്ലാ കുട്ടികൾക്കും ഒഴിവുസമയങ്ങളിൽ വാർത്തകൾ,കലാപരിപാടികൾ ,അറിയിപ്പുകൾ എന്നിവ ഒരേ സമയം അറിയാൻ,അവസരം ഒരുക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഒരു ദിവസമെങ്കിലും ഒരു പരിപാടി അവതരിപ്പിക്കാൻ അവസരം ഒരുക്കൽ | 2025 സെപ്റ്റംബർ മുതൽ | വിദ്യാരംഗം കലാസാഹിത്യ വേദി | വിദ്യാരംഗം കൺവീനർ |

| | | | | | | |
|---|---|---|---|---|---|---|
| 14 | നോട്ടീസ് ബോർഡ് | ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും നൂതനാശയങ്ങളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക | ദിനങ്ങളെ സംബന്ധിച്ച വിവരങ്ങൾ,പുതിയഅറിവുകൾ ,ശാസ്ത്ര കൗതുകങ്ങൾ എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. | 2025 ജൂൺ മുതൽ | ക്ലബ്ബുകൾ | ക്ലബ്ബ് കൺവീനർമാർ |
| 15 | ഒറിഗാമി | പാഠഭാഗവുമായി ബന്ധപ്പെട്ടവയും അല്ലാത്തവയുമായ ഒറിഗാമി പ്രവർത്തനങ്ങൾ മനസ്സിലാക്കുക | ഇത്തരം ഒറിഗാമി പ്രവർത്തനങ്ങൾ അധിക പിരീഡുകളും പ്രവൃത്തിപരിചയ പിരീഡുകളും ഉപയോഗപ്പെടുത്തുന്നു. | 2025 ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർമാർ | ക്ലാസ്സ് ടീച്ചർമാർ |
| 16 | ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് പരിപോഷിപ്പിക്കുക | അസംബ്ലി പരിപാടികൾ ഇംഗ്ലീഷിൽ നടത്തുന്നു | 2025 ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർമാർ | ഹെഡ്മാസ്റ്റർ |

| | | | | | | |
|---|---|---|---|---|---|---|
| 17 | ഡിജിറ്റൽ ക്ലാസ്സ് മുറി | എല്ലാ ക്ലാസ്സ്മുറികളിലും ഡിജിറ്റൽ സംവിധാനം ഒരുക്കുക. | ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ പഠനം സാധ്യമാക്കുക. | 2025 ജൂൺ മുതൽ | | എസ്.എം.സി |
| 18 | ചിത്രരചന , കഥ,കവിത ശിൽപശാലകൾ | ചിത്രരചന ,കഥ,കവിത, പ്രസംഗം എന്നിവയുടെ ശിൽപ്പ ശാലകൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളുടെ സർഗവാസനകളെ പരിപ്പോഷിപ്പിക്കൽ | ചിത്ര-കഥാ-കവിതാ രചന മത്സരങ്ങൾ | 2025 സെപ്റ്റംബർ മുതൽ | ക്ലാസ്സ് ടീച്ചർമാർ,എസ്.ആർ.ജി | വിദ്യാരംഗം കൺവീനർ,കലാ മേള കൺവീനർ |
| 19 | പരീക്ഷണ ശിൽപശാലകൾ | കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക | വിവിധ പരീക്ഷണങ്ങൾ പരിശീലനം | 2025 ജൂൺ മുതൽ | ശാസ്ത്ര ക്ലബ്ബ് | ശാസ്ത്ര ക്ലബ്ബ് കൺവീനർ |
| 20 | കായികമേള | കുട്ടികളിലെ കായികശേഷി വളർത്തുക. | വിവിധ കായികയിനങ്ങളിൽ പരിശീലനം. | 2025 സെപ്റ്റംബർ മുതൽ | കായികമേള കൺവീനർ | കായികമേള കൺവീനർ |

| | | | | | | |
|---|---|---|---|---|---|---|
| 21 | ശാസ്ത്ര-ഗണിത ശാസ്ത്ര മേള | ശാസ്ത്ര-ഗണിതശാസ്ത്ര അവബോധം വളർത്തുക | ബന്ധപ്പെട്ട മേളകൾ ,ക്വിസ് മത്സരങ്ങൾ, എന്നിവ സംഘടിപ്പിക്കുന്നു. | 2025 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ക്ലബ്ബ് കൺവീനർമാർ, ക്ലാസ്സ് ടീച്ചർമാർ | എസ്.ആർ.ജി |
| 22 | സാമൂഹ്യ ശാസ്ത്ര-പ്രവൃത്തി പരിചയ മേള | സാമൂഹ്യശാസ്ത്ര അവബോധം വളർത്തുക,പ്രവൃത്തി പരിചയ പരിശീലനം നൽകുക. | ബന്ധപ്പെട്ട മേളകൾ ,ക്വിസ് മത്സരങ്ങൾ,ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. | 2025 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ക്ലബ്ബ് കൺവീനർമാർ, ക്ലാസ്സ് ടീച്ചർമാർ | എസ്.ആർ.ജി |
| 23 | അറബിക് അസംബ്ലി | അറബിക് ഭാഷ പരിപോഷണം | അസംബ്ലിയിലൂടെ പരിപാടികൾ അറബിയിൽ നടത്തുന്നു. | 2025 ജൂലായ് മുതൽ | അറബി ടീച്ചർ | എസ്.ആർ.ജി |

| | | | | | | |
|---|---|---|---|---|---|---|
| 24 | സർഗവേള | ഓരോ ക്ലാസ്സിലും ആഴ്ചയിൽ ഒരു ദിവസം അവസാന പിരീഡ് കുട്ടികളുടെ സർഗശേഷി വികാസത്തിനായി മാറ്റി വെക്കുന്നു. | സർഗ പരിപോഷണം സാധ്യമാക്കുക, പ്രകടനാവസരങ്ങൾ നൽകുക | 2025 ജൂലായ് മുതൽ | ക്ലാസ്സ്ടീച്ചർ | ബാലസഭ കൺവീനർ |
| 25 | **STEP UP FUN** | കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുക | എല്ലാ ദിവസവും വൈകിട്ട് അരമണിക്കൂർ ലഘുവ്യായമങ്ങൾ ,സൂംബ, തുടങ്ങിയ കായിക പരിശീലനങ്ങൾ | 2025 ജൂൺ മുതൽ | കായിക ചുമതലയുള്ള അധ്യാപകൻ | എസ് ആർ.ജി |
| 26 | ബാലസഭ | ഓരോ ക്ലാസ്സിലും ആഴ്ചയിൽ ഒരു ദിവസം അവസാന പിരീഡ് കുട്ടികളുടെ സർഗശേഷി വികാസത്തിനായി മാറ്റി വെക്കുന്നു. അതിനോടനുബന്ധിച്ച് പൊതു ബാലസഭ | സർഗ പരിപോഷണം സാധ്യമാക്കുക, പ്രകടനാവസരങ്ങൾ നൽകുക | 2025 ജൂലായ് മുതൽ | ക്ലാസ്സ്ടീച്ചർ | ബാലസഭ കൺവീനർ |

| | | | | | | |
|---|---|---|---|---|---|---|
| 27 | **Two Words A Day -Vocabulary Nurturing Programme** | ഇംഗ്ലീഷ് പദസമ്പത്ത് വർധിപ്പിക്കുക | ദിനം പ്രതി രണ്ട് ഇംഗ്ലീഷ് വാക്കുകൾ,അർത്ഥം,ഉച്ചാരണം എന്നിവ ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നു. | **2025** ജൂൺ മുതൽ | എസ്.ആർ.ജി | എസ്.ആർ.ജി |
| 28 | വൃത്തിക്കൊരു സമ്മാനം | കുട്ടികളിൽ വൃത്തിശീലം വളർത്തുക | വൃത്തിയുള്ള ക്ലാസ്സിന് അസംബ്ലിയിൽ വെച്ച് സമ്മാനം നൽകുന്നു | **2025** ജൂൺ മുതൽ | ആരോഗ്യ ക്ലബ്ബ് | ആരോഗ്യ ക്ലബ്ബ് കൺവീനർ |
| | | | | | | |

# ഉപസംഹാരം

നമ്മുടെ വിദ്യാലയത്തിലെ ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സിൽ പഠിക്കുന്ന ഓരോ കുട്ടിയെയും പരിഗണിച്ചു കൊണ്ടും അവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുമാണ് 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും പഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്നവർക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ വർഷം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കും എന്ന ദൃഢനിശ്ചയത്തോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# പൊതുവിദ്യാഭ്യാസ വകുപ്പിലേക്ക് ഫണ്ടിനും അംഗീകാരത്തിനുമായി സമർപ്പിച്ച സ്കൂളിന്റെ ത്രിമാന ചിത്രം

